പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1747      21/01/2014- ൽ മറുപടിക്ക്

**വൈപ്പിൻ മണ്ഡലത്തിൽ കുളമ്പുരോഗം ബാധിച്ച കന്നുകാലികളുടെ വിവരം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എസ്. ശർമ്മ: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കുളമ്പുരോഗം ബാധിച്ച് ചികിത്സ തേടിയതിന് ആഴ്ചകൾക്കുശേഷം മറ്റ് ലക്ഷണങ്ങൾ പ്രകടിപ്പിച്ച് കന്നുകാലികൾ ചത്തൊടുങ്ങുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ നഷ്ടം സംഭവിക്കുന്ന കർഷകരെ സമാശ്വസിപ്പി ക്കുന്നതിന് സർക്കാർ നൽകുന്ന സഹായം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുളമ്പുരോഗം ബാധിച്ച് മരണപ്പെട്ട പശുക്കൾക്ക് 20,000/- രൂപ വീതവും, കിടാരികൾക്ക് 12,000/- രൂപ വീതവും, കന്നുകുട്ടികൾക്ക് 7,000/- രൂപ വീതവും നഷ്ടപരിഹാരം നൽകി വരുന്നു. |
| ബി) കുളമ്പുരോഗം ബാധിച്ച എത്ര കേസുകൾ വൈപ്പിൻ മണ്ഡലത്തിൽ നിന്നും റിപ്പോർട്ട് ചെയ്തുവെന്നും, ആയതിന്മേൽ സ്വീകരിച്ച നടപടി കളെന്താണെന്നും വിശദമാക്കുമോ ; | ബി) വൈപ്പിൻ മണ്ഡലത്തിൽ ആകെ 88 പശുക്കൾക്ക് കുളമ്പുരോഗബാധ ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>പ്രതിരോധ നടപടികളുടെ ഭാഗമായി രോഗബാധിത പ്രദേശത്തിന് ചുറ്റുമായി കുത്തിവയ്പ്പ് (റിങ്ങ് വാക്സിനേഷൻ) നടത്തിവരുന്നു. രോഗം ബാധിച്ച ഉരുക്കൾക്ക് |

സൗജന്യ ചികിത്സ നൽകുന്നുണ്ട്. മരുന്നുകൾ , അണുനാശിനികൾ എന്നിവ സൗജന്യമായി നൽകുന്നു. രോഗം ബാധിച്ച ഉരുക്കൾക്ക് ഓരോന്നിനും 4 ചാക്ക് കാലിത്തീറ്റ സൗജന്യമായി നൽകി വരുന്നു.

സി) വൈപ്പിൻ മണ്ഡലത്തിൽ നിന്നും റിപ്പോർട്ടു ചെയ്ത കുളമ്പുരോഗ കേസുകളിൽ, ഉടൻ മരണം സംഭവിച്ചവയെത്രയെന്നും ചികിത്സയ്ക്കുശേഷമുള്ള ഹ്രസ്വകാലയളവിൽ മരണം സംഭവിച്ചവയെത്രയെന്നും വ്യക്തമാക്കാമോ?

സി) വൈപ്പിൻ മണ്ഡലത്തിൽ നിന്നും മരണം റിപ്പോർട്ടു ചെയ്തിട്ടില്ല.

സെക്ഷൻ ഓഫീസർ